പാഠം 10

# ഏറ്റുപറയുന്നതിൽനിന്നു ആശ്വാസത്തിലേക്ക്

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: ദാനിയേൽ 9; യിരെമ്യാവ് 25:11,12; 29:10; 2 രാജാക്കന്മാർ 19:15–19; മത്തായി 5:16; യാക്കോബ് 5:16.**

**മനഃപാഠവാക്യം: "കർത്താവേ, കേൾക്കേണമേ; കർത്താവേ, ക്ഷമിക്കേണമേ; കർത്താവേ ചെവിക്കൊണ്ടു പ്രവർത്തിക്കേണമേ; എന്റെ ദൈവമേ, നിന്നെത്തന്നെ ഓർത്തു താമസിക്കരുതേ; നിന്റെ നാമം വിളിച്ചിരിക്കുന്നവല്ലോ" (ദാനി. 9:19).**

ബൈബിളിലെ വലിയ പ്രാർത്ഥനകളിൽ ഒന്നു ദാനിയേൽ 9 ഉൾക്കൊള്ളുന്നു. തന്റെ ജീവിതത്തിലെ നിർണ്ണായക നിമിഷങ്ങളിൽ, ജീവിത വെല്ലുവിളികളുമായി ഒത്തുപോകുന്നതിനു ദാനിയേൽ പ്രാർത്ഥനയ്ക്കായി നീങ്ങുന്നു. ദാനിയേലും തന്റെ സഹപ്രവർത്തകരും രാജാവിന്റെ സ്വപ്നം നിമിത്തം കൊല്ലപ്പെടേണ്ടിയിരുന്ന അവസരത്തിൽ ദാനിയേൽ പ്രാർത്ഥനയിൽ ദൈവത്തെ സമീപിച്ചു (ദാനി. 2). രാജാവിനോടല്ലാതുള്ള പ്രാർത്ഥനകളൊക്കെ രാജകല്പനമൂലം നിരോധിക്കപ്പെട്ടപ്പോഴും ദാനീയേൽ യെരൂശലേമിനു നേരെ തിരിഞ്ഞുള്ള തന്റെ ദിവസേനയുള്ള പ്രാർത്ഥന തുടർന്നു (ദാനി. 6). അപ്രകാരം ദാനിയേൽ 9 ലെ പ്രാർത്ഥനയെ നാം പരിഗണിക്കുമ്പോൾ, 2300 സന്ധ്യയും ഉഷസ്സും സംബന്ധിച്ച ദർശനം അവനിൽ ആത്മസംഘർഷം ഉണ്ടാക്കിയിരുന്നു എന്നു നാം ഓർക്കണം. ആ ദർശനത്തിന്റെ ആകമാനമായ രൂപരേഖ വിശദീകരിക്കപ്പെട്ടെങ്കിലും, രണ്ടു സ്വർഗ്ഗീയ ജീവികൾ തമ്മിലുള്ള സംഭാഷണത്തിലെ കാലയളവിനെ ഗ്രഹിക്കുവാൻ കഴിഞ്ഞിരുന്നില്ല: 2300 സന്ധ്യയും ഉഷസ്സും തികയുവോളം തന്നേ; പിന്നെ വിശുദ്ധമന്ദിരം യഥാസ്ഥാനപ്പെടും (ദാനി. 8:14). അതിപ്പോൾ, 9–ാം അദ്ധ്യായത്തിൽ മാത്രമാണു, പ്രവാചകനു കൂടുതൽ വെളിച്ചം നൽകപ്പെട്ടത്; അതും ഇപ്പോൾ വളരെ ആത്മാർത്ഥമായ പ്രാർത്ഥനയ്ക്കു മറുപടി ആയാണു നൽകപ്പെട്ടത്.

*ഈ ആഴ്ചയിലെ പാഠം പഠിച്ച് മാർച്ച് 7 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...*

## ദൈവവചനത്തിന്റെ കേന്ദ്രീയത

**ദാനിയേൽ 9:1,2 വായിക്കുക. താൻ ശ്രദ്ധാപൂർവ്വം പഠിച്ച പ്രവചനത്തെ "പുസ്തകങ്ങളിൽനിന്നു ഗ്രഹിച്ചു" എന്നാണു ദാനിയേൽ പറയുന്നത്. ഏതു പുസ്തകം / പുസ്തകങ്ങളാണു ദാനിയേൽ അർത്ഥമാക്കിയത്?**

നാം ഈ പ്രാർത്ഥനയിലേക്കു നോക്കുമ്പോൾ, ദൈവം മോശെയ്ക്കും പ്രവാചകന്മാർക്കും നൽകിയിരുന്ന വെളിപ്പാടുകളുടെ ആഴത്തിലുള്ള പഠനത്തിൽനിന്നുമാണ് ഈ പ്രാർത്ഥന ഉയർന്നുവരുന്നെതെന്നു വ്യക്തമാകും. യിരെമ്യാവിന്റെ ചുരുളിൽനിന്നു, തന്റെ പ്രവാസകാലം 70 വർഷം നീണ്ടു പോകുമെന്നു ഗ്രഹിച്ചതിൽനിന്നു താൻ ജീവിച്ചിരുന്ന ചരിത്രനിമിഷത്തിന്റെ പ്രാധാന്യം ദാനിയേൽ മനസ്സിലാക്കി (യിരെ. 25:11,12; 29:10).

ബി.സി. 539 ലാണു ദാനിയേൽ ഈ പ്രാർത്ഥന കഴിച്ചെതെന്നു നാം ഓർത്തിരിക്കണം. ആ വർഷത്തിലാണു പേർഷ്യൻ സാമ്രാജ്യം ബാബിലോണിനെ കീഴടക്കിയത്. നെബൂഖദ്നേസർ യെരൂശലേമിനെ കീഴടക്കി ദൈവാലയത്തെ നശിപ്പിച്ചിട്ടു ഇപ്പോൾ ഏകദേശം 70 വർഷങ്ങൾ കഴിഞ്ഞിട്ടുണ്ട്. അതിനാൽ യിരെമ്യാവിന്റെ പ്രവചനം അനുസരിച്ചു. ദൈവജനം വളരെവേഗം മടങ്ങിപ്പോകുവാൻ അടുത്തിരുന്നു. ദൈവവചനത്തിലെ വിശ്വാസം നിമിത്തം, സുപ്രധാനമായ കാര്യം ഉടൻ സംഭവിക്കാൻ പോകുന്നു എന്നു ദാനിയേൽ അറിഞ്ഞു. ബാബിലോണിലെ പ്രവാസം വേഗം തീരുമെന്നും യെഹൂദന്മാർ ദൈവം വാഗ്ദത്തം ചെയ്തതുപോലെ തങ്ങളുടെ ഭവനത്തിലേക്കു മടങ്ങുമെന്നും ദാനീയേൽ മനസ്സിലാക്കി.

ലഭ്യമായ തിരുവെഴുത്തു പഠിച്ചതിൽനിന്നു, തന്റെ ജനത്തിന്റെ പാപാവസ്ഥ എത്ര ഗുരുതരം ആയിരുന്നെന്നു ദാനിയേലിനു ബോദ്ധ്യമായി. അവർ വാഗ്ദത്തം ലംഘിച്ചു. ദൈവവുമായുള്ള ബന്ധം വിട്ടുകളഞ്ഞതിനാൽ പ്രവാസം അനിവാര്യമായ പരിണതഫലം ആയിരുന്നു (ലേവ്യ. 26:14-45). കാലത്തിന്റെ പ്രാധാന്യവും ദൈവജനത്തിനു വേണ്ടി ദൈവത്തോട് അപേക്ഷ കഴിക്കേണ്ടതിന്റെ അത്യാവശ്യകതയും ഗ്രഹിച്ചത് ദൈവിക വെളിപ്പാടുകളുടെ പഠനത്തിൽനിന്നുമാണ്.

നാം ലോകചരിത്രത്തിന്റെ അന്ത്യനാളുകളെ സമീപിക്കുമ്പോൾ എക്കാലത്തെക്കാളും അധികം ദൈവവചനം പഠിക്കുകയും അവയ്ക്കൊത്തു ജീവിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. തിരുവെഴുത്തിനു മാത്രമേ നാം ജിവിച്ചിരിക്കുന്ന ലോകത്തെ സംബന്ധിച്ച ആധികാരികമായ ഒരു വിശദീകരണം നമുക്കു നൽകുവാൻ കഴിയുകയുള്ളൂ. ആത്യന്തികമായി, നന്മയും തിന്മയും തമ്മിലുള്ള വിവാദത്തിന്റെ കഥ തിരുവെഴുത്തു നമുക്കു പറഞ്ഞു തരികയും തിന്മയുടെ നിർമ്മാർജ്ജനത്തോടും ദൈവത്തിന്റെ നിത്യരാജ്യസ്ഥാപനത്തോടും കൂടി മാനവചരിത്രം അനവസാനിക്കുമെന്നു വെളിപ്പെടുത്തുകയും ചെയ്യുന്നു. തിരുവെഴുത്തുകളെ നാം അധികം പഠിക്കുന്തോറും ഇന്നത്തെ ലോകത്തിന്റെ സ്ഥിതിഗതികൾ നന്നായി മനസ്സിലാക്കുവാനും, അതിൽ നമ്മുടെ സ്ഥാനം ഗ്രഹിക്കുവാനും, മറ്റാർക്കും ഇല്ലാത്ത നമ്മുടെ പ്രത്യാശയുടെ കാരണം ബോദ്ധ്യമാക്കുവാനും അതു നമ്മെ സഹായിക്കും.

**യാതൊരു അർത്ഥവും അത്ര എളുപ്പത്തിൽ ഉണ്ടാക്കുവാൻ കഴിയാത്ത ഈ ലോകത്തെ ഒരളവുവരെ മനസ്സിലാക്കുവാൻ ബൈബിൾ നമ്മെ എങ്ങനെ സഹായിക്കുന്നു?**

## കൃപയ്ക്കുള്ള ഒരു അപേക്ഷ

**ദാനിയേൽ 9:3–19 വായിക്കുക. ദാനിയേൽ ഏതടിസ്ഥാനത്തിലാണു കരുണയ്ക്കായി യാചിക്കുന്നത്?**

ഈ പ്രാർത്ഥനയിലെ ചില കാര്യങ്ങൾ നാം പ്രത്യേകാൽ ശ്രദ്ധിക്കണം ഒന്നാമത്, പ്രാർത്ഥനയിൽ ഒരിടത്തും ദാനിയേൽ, യഹൂദന്മാരുടെ മേൽ വന്ന അനർത്ഥങ്ങളെ സംബന്ധിച്ചു യാതൊരുവിധ വിശദീകരണങ്ങൾക്കായും അപേക്ഷിച്ചില്ല. കാരണം ദാനിയേലിന് അത് അറിയാമായിരുന്നു. പ്രാർത്ഥനയിലെ വലിയൊരുഭാഗം ദാനിയേൽ തന്നെ കാരണങ്ങളെ എടുത്തു പറയുന്നതാണ്. “ഞങ്ങൾ ഞങ്ങളുടെ ദൈവമായ യഹോവയുടെ ന്യായപ്രമാണപ്രകാരം നടപ്പാൻ ഞങ്ങളുടെ ദൈവമായ യഹോവയുടെ വചനം കേട്ടനുസരിച്ചില്ല” (ദാനി. 9:10). ദാനിയേൽ 8 ന്റെ അവസാനത്തിൽ എന്തോ തനിക്കു മനസ്സിലാക്കേണ്ടതുണ്ട് എന്നു പറഞ്ഞിരുന്നു. 2,300 സന്ധ്യയും ഉഷസ്സും സംബന്ധിച്ച ദർശനം അവനു വേണ്ടത്ര ഗ്രഹിക്കുവാൻ കഴിഞ്ഞിരുന്നില്ല (ദാനി. 8:27 കാണുക).

രണ്ടാമതായി, കൃപയ്ക്കായുള്ള ഒരു അപേക്ഷയാണു ഈ പ്രാർത്ഥന. അവർ പാപം ചെയ്തു ദുഷ്ടത പ്രവർത്തിച്ചിരിക്കുന്നെങ്കിലും തന്റെ ജനത്തോടു ക്ഷമിക്കുവാനായി ദൈവത്തിന്റെ സന്മനസ്സിനായുള്ള ഒരു അപേക്ഷ ആണിത്.

ഒരർത്ഥത്തിൽ സുവിശേഷത്തിന്റെ ശക്തമായ ഒരു പ്രതിഫലനം ആണു നാം ഇവിടെ കാണുന്നത്; സ്വന്തമായി യാതൊരു യോഗ്യതയും ഇല്ലെങ്കിലും തങ്ങൾ അർഹിക്കാത്ത കൃപയ്ക്കുവേണ്ടിയും സമ്പാദിക്കാത്ത പാപക്ഷമയ്ക്കു വേണ്ടിയുമുള്ള അപേക്ഷ. ദൈവത്തിന്റെ മുമ്പാകെ, ഓരോരുത്തരും വ്യക്തിപരമായി നാം എവിടെയാണ് എന്നതിന്റെ ഒരു മാതൃക അല്ലേ ഇത്?

**ദാനിയേൽ 9:18, 19 വായിക്കുക. ദൈവം തന്റെ പ്രാർത്ഥനക്കു ഉത്തര നൽകേണ്ടതിനു മറ്റെന്തു കാരണമാണ് ദാനിയേൽ നൽകുന്നത്?**

ദാനിയേലിന്റെ പ്രാർത്ഥനയുടെ മറ്റൊരു പ്രത്യേകതയും എടുത്തു പറയപ്പെടുവാൻ യോഗ്യമാണ്. ദൈവത്തിന്റെ നാമമഹത്വത്തിനായുള്ള ഒരു അപേക്ഷ, അതായതു ദാനിയേലിന്റെ വ്യക്തിപരമായ ഏതെങ്കിലും സൗകര്യമോ, തന്റെ ജനത്തിന്റെ സൗകര്യമോ അല്ല, ദൈവത്തിന്റെ നാമം തന്നെയാണു പ്രാർത്ഥനയുടെ ഉൾപ്രേരണ (ദാനി. 9:17–19). വേറൊരു വിധത്തിൽ പറഞ്ഞാൽ, ദൈവനാമത്തിനു ബഹുമാനം ഉണ്ടാകേണ്ടതിനു പ്രാർത്ഥന ഉത്തരം നൽകണം.

**2 രാജാക്കന്മാർ 19:15–19 വായിക്കുക. ഏതെല്ലാം വിധങ്ങളിലാണു ഹിസ്കീയാവിന്റെ പ്രാർത്ഥന ദാനിയേലിന്റെ പ്രാർത്ഥനയ്ക്കു സദൃശം ആകുന്നത്? നമുക്കും എങ്ങനെ ദൈവത്തെ മഹത്വപ്പെടുത്താൻ കഴിയുമെന്നതിനു മത്തായി 5:16 എന്തു പറയുന്നു?**

## പക്ഷവാദത്തിന്റെ മൂല്യം

**ദാനിയേൽ 9:5-13 വായിക്കുക. "ഞങ്ങൾ" പാപം ചെയ്തു, ദുഷ്ടത പ്രവർത്തിച്ചു എന്നു തുടരെ പറയുന്നതിലൂടെ ദേശത്തിന് അനർത്ഥം വരുത്തിയ പാപങ്ങളിൽ തന്നെയും സ്വയം ഉൾപ്പെടുത്തുന്നതിന്റെ പ്രത്യേകത എന്താണ്?**

ബൈബിളിൽ അടങ്ങിയിരിക്കുന്ന പക്ഷവാദ പ്രാർത്ഥനകളിൽ ഒന്നുമാത്രമാണു ദാനിയേലിന്റേത്. അത്തരം പ്രാർത്ഥനകൾ ദൈവത്തിന്റെ ഹൃദയത്തെ സ്പർശിക്കുകയും, ന്യായവിധിയെ തടയുകയും, ശത്രുക്കളിൽനിന്നു വിടുതൽ കൊണ്ടുവരികയും ചെയ്യുന്നു. ദൈവം യിസ്രായേൽരാജ്യത്തെ മുഴുവനായി നശിപ്പിക്കുവാൻ ഒരുങ്ങിയപ്പോൾ, മോശെയുടെ പക്ഷവാദം ദൈവകരത്തെ തടഞ്ഞു (പുറ. 32:7-14; സംഖ്യ. 14:10-25). കഠിനമായ വരൾച്ച ദേശത്തെ നശിപ്പിച്ചപ്പോൾ ഏലീയാവിന്റെ പ്രാർത്ഥന കേട്ടു മഴ നൽകി ദേശത്തെ പുനർജീവിപ്പിച്ചു (1 രാജാ. 18).

നമ്മൾ കുടുംബാംഗങ്ങൾക്കും സ്നേഹിതർക്കും മറ്റുള്ളവർക്കും സാഹചര്യങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കുമ്പോൾ ദൈവം നമ്മുടെ പ്രാർത്ഥനകൾ കേൾക്കുന്നു. ദൈവത്തിനു അവയിൽ ഇടപെടാനും കഴിയുന്നു. പ്രാർത്ഥനക്കു മറുപടി ലഭിക്കാൻ താമസം നേരിടും, എന്നാലും ദൈവം തന്റെ കുഞ്ഞുങ്ങളുടെ ആവശ്യങ്ങളെ ഒരിക്കലും മറക്കില്ല എന്ന ഉറപ്പിൽ നമുക്കു ശാന്തമായിരിക്കാൻ കഴിയും (യാക്കോ. 5:16).

ഇവിടെ ദൈവത്തിനും തന്റെ ജനത്തിനും ഇടയിൽ ദാനിയേൽ ഒരു മദ്ധ്യസ്ഥന്റെ ഭാഗമാണ് നിർവ്വഹിക്കുന്നത്, തന്റെ തിരുവചന പഠനത്തിൽ നിന്നു, ദൈവജനം ദൈവ നിയമം ലംഘിച്ചും ദൈവത്തിന്റെ മുന്നറിയിപ്പുകളെ നിരസിച്ചും എത്രമാത്രം പാപികൾ ആയിത്തീർന്നെന്നു പ്രവാചകനു ബോദ്ധ്യമായി. അങ്ങനെ അവരുടെ ആത്മിക ദാരുണാവസ്ഥ തിരിച്ചറിഞ്ഞു ദാനിയേൽ സൗഖ്യത്തിനും പാപക്ഷമയ്ക്കുമായി പ്രാർത്ഥിച്ചു. അതേ സമയം പ്രവാചകൻ തന്നെ സ്വയം മറ്റുള്ളവരോടു സമനാക്കി. ചില കാര്യങ്ങളിൽ ദാനിയേൽ നമ്മുടെ ഇടനിലക്കാരനായുള്ള ക്രിസ്തുവിന്റെ പങ്കിനെ വിശദമാക്കുന്നു (യോഹ. 17). എന്നാലും മൗലികമായ ഒരു വ്യത്യാസമുണ്ട്: ക്രിസ്തു "പാപം ഇല്ലാത്തവനാണ്" (എബ്രാ. 4:15). അതുകൊണ്ടുതന്നെ വ്യക്തിപരമായി ക്രിസ്തുവിനു പാപം ഏറ്റുപറയേണ്ടതിന്റെയും സ്വന്തമായി ക്ഷമിക്കപ്പെടേണ്ടതിനു യാഗം അർപ്പിക്കേണ്ടതിന്റെയും ആവശ്യമില്ല (എബ്രാ. 7:26, 27). എങ്കിലും ക്രിസ്തു പാപികളുമായി ഒരു അതുല്യമായ വിധം സമനാക്കുന്നു: "പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതി അകേണ്ടതിന്, അവൻ നമുക്കുവേണ്ടി പാപം ആക്കി" (2 കൊരി. 5:21)."

"മനുഷ്യനിലുള്ള നല്ലതും വിശുദ്ധവും കുലീനവും സുന്ദരവും ആയ സകലത്തെയും ഒരുമിച്ചു സ്വരൂപിച്ചു, മനുഷ്യരക്ഷയിൽ ഒരു ഭാഗം നിർവ്വഹിക്കുന്ന ദൈവദൂതന്മാർക്കു വിഷയം സമർപ്പിച്ചാലും അല്ലെങ്കിൽ അവയെ യോഗ്യതയോടുകൂടി ചേർത്താലും, അതു രാജദ്രോഹമായി (വഞ്ചന) തള്ളപ്പെടും" E.G. White, Faith and Works, p. 24. നമുക്കു ഒരു മദ്ധ്യസ്ഥൻ ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യം സംബന്ധിച്ചു ഈ വാക്കുകൾ എന്താണു പഠിപ്പിക്കുന്നത്?

## മശീഹയുടെ പ്രവൃത്തി

**ദാനിയേലിന്റെ പക്ഷവാദ പ്രാർത്ഥന രണ്ടു പ്രധാന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നു: ജനങ്ങളുടെ പാപങ്ങളും യെരൂശലേമിന്റെ നാശാവസ്ഥയും. മശീഹയുടെ പ്രവൃത്തിയിലൂടെ ജനങ്ങൾ വീണ്ടെടുക്കപ്പെടുകയും വിശുദ്ധമന്ദിരം അഭിഷേകം ചെയ്യപ്പെടുകയും ചെയ്യും. രണ്ടു പ്രത്യേക അപേക്ഷകൾക്കും മറുപടി നൽകപ്പെട്ടു: മശീഹയുടെ പ്രവർത്തനം മുഴുവൻ മാനവരാശിക്കും പ്രയോജനം ചെയ്യും.**

**ദാനിയേൽ 9:21–27 വായിക്കുക. 70 ആഴ്ചവട്ടകാലയളവിൽ എന്തു പ്രവൃത്തി ചെയ്യപ്പെടണമായിരുന്നു? യേശുവിനു മാത്രം അതു ചെയ്യാൻ കഴിയുന്നത് എന്തുകൊണ്ട്?**

1. “അതിക്രമം അവസാനിപ്പിക്കുന്നതിനു”: അതിക്രമം എന്നതിന്റെ എബ്രായപദം, Pesha; ഒരു താണവൻ ഉയർന്നവനെ മനപ്പൂർവ്വം ധിക്കാരിക്കുക എന്ന ആശയം തരുന്നു. ഉദാഹരണം, (സദൃശ. 28:24). ദൈവത്തോടുള്ള മനുഷ്യരുടെ തുറന്ന വെല്ലുവിളി എന്നവിധത്തിലും ബൈബിളിൽ ഈ വാക്കു കാണപ്പെടുന്നുണ്ട് (യെഹ 2:3) യേശുവിന്റെ രക്തത്തിലൂടെ, എന്തായാലും ദൈവത്തോടുള്ള മത്സരം ഇല്ലാതാക്കുകയും കാൽവറിയിൽ നിന്നു പ്രവഹിക്കുന്ന അർഹത മനുഷ്യർക്കു ലഭ്യമാകുകയും ചെയ്യുന്നു.

2. “പാപങ്ങൾക്കു അന്ത്യം വരുത്തുന്നതിനു”: ക്രിയാപദം “മുദ്രയിടുക” എന്ന അർത്ഥമാണു വഹിക്കുന്നത്. ഇവിടെ അതിന്റെ അർത്ഥം “പാപം ക്ഷമിക്കപ്പെടുന്നു” എന്നാണ്. വീഴ്ചയ്ക്കുശേഷം മനുഷ്യർക്കു ദൈവത്തിന്റെ ആദർശനിലവാരത്തിനൊത്തു ജീവിക്കുവാൻ കഴിയാതായി, എങ്കിലും മശീഹാ നമ്മുടെ പരാജയങ്ങളെ ഏറ്റെടുക്കുന്നു.

3. “അകൃത്യത്തിനു പ്രായശ്ചിത്തം വരുത്തുന്നതിനു”: പൗലൊസ് പറയുന്നതുപോലെ, “അവനിൽ സർവ്വസമ്പൂർണ്ണതയും വസിപ്പാനും, അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തംകൊണ്ട് അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി, ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ ആയ സകലത്തെയും അവനെക്കൊണ്ടു തന്നോടു നിരപ്പിപ്പാനും പിതാവിനു പ്രസാദം തോന്നി (കൊലൊ. 1:19,20). യേശുവിനു മാത്രമേ ഈ യാഥാർത്ഥ്യം കൊണ്ടുവരാനാകൂ.

4. “നിത്യ നീതി വരുത്തുന്നതിനു”: ക്രിസ്തു ക്രൂശിൽ നമ്മുടെ സ്ഥാനം എടുത്തതിലൂടെ” ദൈവത്തോടു നിരപ്പുവന്ന അനുഗൃഹീത അവസ്ഥ നമുക്കുണ്ടായി. ദൈവത്തിൽനിന്നുവരുന്ന ഈ നീതി വിശ്വാസത്തിലൂടെ മാത്രമേ നമുക്കു ലഭിക്കുകയുള്ളൂ.

5. “ദർശനത്തിനും പ്രവചനത്തിനും മുദ്രയിടുന്നതിനു”: ക്രിസ്തു തന്നെത്താൻ യാഗമായി അർപ്പിച്ചപ്പോൾ, തന്റെ പാപപരിഹാരപ്രവൃത്തിയെ ചൂണ്ടിക്കാണിച്ചിരുന്ന പഴയനിയമ പ്രവചനങ്ങൾ, അവ നിറവേറ്റപ്പെട്ടു എന്ന അർത്ഥത്തിൽ മുദ്രയിടപ്പെട്ടു.

6. “അതിപരിശുദ്ധമായതിനെ അഭിഷേകം ചെയ്യുന്നതിന്”: ഇവിടെ പറയപ്പെടുന്ന ‘അതിപരിശുദ്ധം’ ഒരു വ്യക്തിയല്ല, ഒരു സ്ഥലമാണ്. ആയതിനാൽ ഈ പ്രസ്താവന, സ്വർഗ്ഗീയ വിശുദ്ധമന്ദിരത്തിലെ ക്രിസ്തുവിന്റെ പക്ഷവാദ ശുശ്രൂഷയുടെ തുടക്കത്തെയാണു സൂചിപ്പിക്കുന്നത് (എബ്രായർ 8:1).

## പ്രവചന കലണ്ടർ

2300 സന്ധ്യകളും ഉഷസ്സുകളും സംബന്ധിച്ച ദർശനം മനസ്സിലാക്കുവാൻ കഴിയാതിരുന്നതിനാൽ പ്രവാചകൻ ആശ്ചര്യപ്പെട്ടു (ദാനി. 8:27). പത്തു വർഷങ്ങൾക്കുശേഷം "ദർശനം ഗ്രഹിക്കുവാൻ" ദാനീയേലിനെ സഹായിക്കുന്നതിനായി ഗബ്രീയേൽ വന്നു (ദാനി. 9:23). ദാനിയേലിനു ലഭിക്കാതിരുന്ന വിവരം ലഭ്യമാക്കി. മാത്രമല്ല, 70 ആഴ്ചവട്ടത്തിന്റെ ഒടുവിൽ മശീഹയുടെ പ്രവൃത്തി നിർവ്വഹിക്കപ്പെടുമെന്നും അറിവായി. വർഷ-ദിന തത്വം അനുസരിച്ചും പ്രവചിക്കപ്പെട്ട സംഭവക്രമം അനുസരിച്ചും, 70 ആഴ്ചകളെ 490 വർഷങ്ങളെന്നു മനസ്സിലാക്കണം. യെരൂശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിയുവാനുള്ള കല്പന ആയിരുന്നു അതിന്റെ കാലതുടക്കം (ദാനി. 9:25). അർത്ഥഹ്ശഷ്ടാവ് ബി. സി. 457 ൽ എസ്രായുടെ നേതൃത്വത്തിലുള്ള യെഹൂദജനത്തിനു യെരൂശലേമിനെ പുതുക്കിപ്പണിയുവാൻ ഈ കല്പന നൽകി (എസ്രാ. 7). 70 ആഴ്ചവട്ടം "നിശ്ചയിക്കപ്പെട്ടിരുന്നു" അല്ലെങ്കിൽ "വേർതിരിക്കപ്പെട്ടിരുന്നു." ഒരു നീണ്ട കാലയളവായ 2300 വർഷങ്ങളിൽനിന്നാണു 490 വർഷങ്ങൾ വേർതിരിക്കപ്പെട്ടത്. 2300 വർഷ പ്രവചനത്തിനും 490 വർഷ പ്രവചനത്തിനും ഒരേ തുടക്കമാണ്, അതായതു 457 ബി.സി. എഴുപത് ആഴ്ചവട്ട പ്രവചനത്തെ മൂന്നു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു: ഏഴ് ആഴ്ചകൾ, അറുപത്തിരണ്ട് ആഴ്ചകൾ, പിന്നെ ഒരാഴ്ച.

ഏഴു ആഴ്ചകൾ (49 വർഷങ്ങൾ) സൂചിപ്പിക്കുന്നത്, ആ കാലയളവിൽ യെരൂശലേം പുനർനിർമ്മിക്കപ്പെടണം എന്നാണ്. ഈ ഏഴ് ആഴ്ചകൾക്കു ശേഷം അറുപത്തി രണ്ട് ആഴ്ചകൾ (434 വർഷങ്ങൾ) "അഭിഷിക്തനായ പ്രഭു" വരെ നീണ്ടുപോകുന്നു. (ദാനി 9:25). അപ്രകാരം, അർത്ഥഹ്ശഷ്ടാവിന്റെ കല്പനയെ തുടർന്നു 483 വർഷങ്ങളായപ്പോൾ എ.ഡി. 27 ൽ, മശീഹയായ യേശു സ്നാനപ്പെടുകയും പരിശുദ്ധാത്മാവിനാൽ തന്റെ മശീഹയായുള്ള ദൗത്യത്തിനായി അഭിഷേകം ചെയ്യപ്പെടുകയും ചെയ്തു.

എഴുപതാമത്തെ ആഴ്ചയിലെ നിർണ്ണായക സംഭവങ്ങൾ: (1) "അഭിഷിക്തൻ ഛേദിക്കപ്പെടും" (ദാനി. 9:26); അതു ക്രിസ്തുവിന്റെ മരണത്തെ സൂചിപ്പിക്കുന്നു. (2) മശിഹാ (അഭിഷിക്തൻ) "ഒരാഴ്ചത്തേക്കു പലരുമായി തന്റെ ഉടമ്പടി ഉറപ്പാക്കും" (ദാനി. 9:27). യെഹൂദരാജ്യത്തോടുള്ള യേശുവിന്റെയും അപ്പൊസ്തലരുടെയും പ്രത്യേക ദൗത്യം ആയിരുന്നു അത്. എ.ഡി. 27-34 ലുള്ള അവസാന ആഴ്ചയിൽ ഇതു നിർവ്വഹിക്കപ്പെട്ടു. (3) "എന്നാൽ ആഴ്ചവട്ടത്തിന്റെ മദ്ധ്യേ മശീഹാ യാഗങ്ങൾക്കും വഴിപാടുകൾക്കും അന്ത്യം വരുത്തിക്കൊണ്ട് (ദാനി. 9:27). പുതിയ ഉടമ്പടിയുടെ അന്തിമവും സമ്പൂർണ്ണവുമായ യാഗമായി സ്വയം അർപ്പിക്കപ്പെട്ടു. അങ്ങനെ മൃഗബലി മേലിൽ ആവശ്യമില്ലാതായി. എഴുപതു ആഴ്ചകളുടെ അവസാന ആഴ്ച എ.ഡി. 34 ൽ അവസാനിച്ചു. സ്തെഫാനോസ് രക്തസാക്ഷി ആകുകയും സുവിശേഷം യെഹൂദർക്കു മാത്രമല്ല അന്യജാതികൾക്കും ലഭ്യമായി.

**ദാനിയേൽ 9:24-27 വായിക്കുക. വലിയ പ്രത്യാശയുടെയും മശീഹയുടെ വാഗ്ദാനത്തിന്റെയും മദ്ധ്യത്തിലും അക്രമം, യുദ്ധം, നശീകരണം എന്നിവയെക്കുറിച്ചു നാം വായിക്കുന്നു. ജീവിതത്തിന്റെ ദുരനുഭവങ്ങൾക്കിടയിലും പ്രത്യാശ ഇനിയും നിലനിൽക്കുമെന്നു ഉറച്ചു വിശ്വസിക്കുവാൻ ഇതു നമ്മെ എങ്ങനെ സഹായിക്കുന്നു?**

## കൂടുതൽ പഠനം:

ദാനിയേൽ 9:24–27 ലെ 70 ആഴ്ചവട്ട പ്രവചനം എങ്ങനെയാണു ദാനിയേൽ 8:14 ലെ 2300 ദിന (വർഷ) പ്രവചനവുമായി യോജിച്ചിരിക്കുകയും ഒരു പൊതു തുടക്കത്തിനു രൂപം നൽകുകയും ചെയ്യുന്നത്. എന്നു വ്യക്തമാക്കുവാൻ താഴെ ഒരു ചാർട്ട് നൽകിയിരിക്കുന്നു. നിങ്ങൾ ബി.സി. 457 ൽ നിന്നു 2300 വർഷം എണ്ണിയാൽ (നിലവിലില്ലാത്ത പൂജ്യ വർഷം ഒഴിവാക്കി) നിങ്ങൾക്കു കിട്ടുന്നതു 1844 ആണ്. അതല്ലെങ്കിൽ ശേഷിക്കുന്ന 1810 വർഷം എ.ഡി. 34 ൽ നിന്നു എണ്ണുകയാണെങ്കിൽ നിങ്ങൾ എത്തുന്നതും 1844 ൽ തന്നെ ആയിരിക്കും. അങ്ങനെ ദാനിയേൽ 8:14 ലെ വിശുദ്ധമന്ദിരത്തിന്റെ ശുദ്ധീകരണം എ.ഡി. 1844 ൽ ആരംഭിക്കുമെന്നു കാണാൻ കഴിയും.

1844 എന്നുള്ള വർഷം ദാനിയേൽ 7 ലും 8 ലും നാം കണ്ടതിനോടു എങ്ങനെ യോജിക്കുന്നു എന്നും ശ്രദ്ധിക്കേണ്ടതാണ്. അതായതു, ദാനിയേൽ 7 ലെ ന്യായവിധിയും ദാനിയേൽ 8 ലെ വിശുദ്ധമന്ദിര ശുദ്ധീകരണവും ഒന്നുതന്നെ ആകുന്നു. (കഴിഞ്ഞ രണ്ടാഴ്ചകളിലെ പാഠങ്ങൾ കാണുക). ഈ ന്യായവിധി 1260 വർഷങ്ങളിലെ പീഡനങ്ങൾക്കുശേഷമാണ് സംഭവിക്കുക (ദാനി. 7:25). എന്നാൽ അതു യേശുവിന്റെ രണ്ടാം വരവിനും ദൈവത്തിന്റെ നിത്യരാജ്യ സ്ഥാപനത്തിനുമുമ്പുമാണു സംഭവിക്കുക.

2300 ദിവസങ്ങൾ (2300 വർഷങ്ങൾ)

490 വർഷങ്ങൾ (70 ആഴ്ചവട്ടം) | 1810 വർഷങ്ങൾ(2300–490)

BC 457 — 34 AD — 1844

(2300 സന്ധ്യയും ഉഷസ്സും ചാർട്ട്, വിശദമായി പഠിക്കുവാൻ പേജ് 98 കാണുക)

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ:**

1. **2300 ദിന പ്രവചനവും 70 ആഴ്ച പ്രവചനവും യഥാർത്ഥത്തിൽ ഒരു പ്രവചനം തന്നെയാണെന്ന് പണ്ഡിതന്മാർ പറഞ്ഞിട്ടുള്ളത് ശരിയാണ്. അവർ എന്തുകൊണ്ടാണ് അങ്ങനെ പറഞ്ഞത്? അഭിപ്രായത്തെ പിന്തുണയ്ക്കാൻ എന്തു തെളിവാണ് നിങ്ങൾ കാണുന്നത്?**
2. **നമ്മുടെ പക്ഷവാദ പ്രാർത്ഥനാജീവിതത്തിൽ സഹായിക്കുംവിധം ദാനിയേലിന്റെ പക്ഷവാദ പ്രാർത്ഥനയിൽനിന്നു നമുക്കു എന്തൊക്കെ പഠിക്കാൻ കഴിയും?**
3. **ക്രിസ്തുവിന്റ നമുക്കു വേണ്ടിയുള്ള യാഗത്തിൽ മാത്രമാണു നമ്മുടെ ഏകപ്രത്യാശ. അതു നമ്മെ എങ്ങനെയാണു വിനയമുള്ളവർ ആകുവാൻ സഹായിക്കുന്നത്? അതിൽ പ്രധാനമായി. നമ്മെ മറ്റുള്ളവരോടു സ്നേഹമുള്ളവരും ക്ഷമിക്കുന്നവരും ആക്കിത്തീർക്കുന്നതു എങ്ങനെയാണ്? ലൂക്കൊസ്: 7:40–47 വാക്യങ്ങൾ എന്താകണം നമ്മോടു പറയുന്നത്?**
4. **ദാനിയേലിന്റെ പ്രാർത്ഥനക്കും പ്രത്യാശക്കും തിരുവെഴുത്തുകൾ എങ്ങനെ കേന്ദ്രസ്ഥാനത്താകുന്നു എന്നു നോക്കുക. സർവ്വോപരി, രാജ്യം മൃഗീയമാം വിധം കീഴടക്കപ്പെട്ടു. ജനങ്ങൾ പ്രവാസികളായി. അവരുടെ ദേശം തകർക്കപ്പെട്ടു. അവരുടെ തലസ്ഥാനം നശിപ്പിക്കപ്പെട്ടു. ഇതെല്ലാമായിട്ടും ദാനിയേലിനു ജനം തങ്ങളുടെ ഭവനത്തിലേക്കു മടങ്ങിപ്പോകുമെന്ന പ്രത്യാശ ഉണ്ടായിരുന്നു. ബൈബിളിൽനിന്നും അതിൽ എഴുതിയിരിക്കുന്ന ദൈവിക വാഗ്ദത്തങ്ങളിൽ നിന്നുമല്ലാതെ അവനു ഈ പ്രത്യാശ എവിടെ നിന്നു കിട്ടുമായിരുന്നു? നമുക്കും ദൈവവചനത്തിലെ വാഗ്ദത്തങ്ങളിൽനിന്നു പ്രത്യാശ ഉണ്ടാകുന്നുവെന്നതിനെപ്പറ്റി ഇതെന്തു പറയുന്നു?**